പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *113 — 29.09.2016 ൽ മറുപടിക്ക്

# സംസ്ഥാനത്തെ റെയിൽപാതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി :<br>,, വി.കെ.സി. മമ്മത് കോയ:<br>,, എം. നൗഷാദ് :<br>,, ആന്റണി ജോൺ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽപാതകൾ പലയിടത്തും വിള്ളലുള്ളതും സുരക്ഷിതമല്ലാത്ത അവസ്ഥയിലും ഉള്ളതാണെന്ന് അടുത്ത കാലത്തുണ്ടായ ട്രെയിൻ അപകടം വെളിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ നിരുത്തരവാദപരവും അനാസ്ഥയോടെയുമുള്ള റെയിൽവേയുടെ നിലപാട് തിരുത്തിക്കാൻ സമ്മർദ്ദം ചെലുത്തുമോ; | (ബി) കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് അടിക്കടിയുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽവേ ലൈനുകളുടെ സുരക്ഷിതത്വം സംബന്ധിച്ച കാര്യങ്ങളിൽ പുനപരിശോധന നടത്തുന്നതിനും കേരളത്തിൽ ഓടുന്ന ദീർഘദൂര ട്രെയിനുകളിലെ കോച്ചുകളുടെ കാലപ്പഴക്കം സംബന്ധിച്ചും നിലവിലെ സ്ഥിതിയിൽ പുരോഗതി ഉണ്ടാവുന്നതിന് വേണ്ടിയും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ടിയും ഈ വിഷയം അടിയന്തിര പ്രാധാന്യം നൽകി വകുപ്പ് മന്ത്രി 28.08.2016, 30.08.2016, 20.09.2016 നും ബഹു. മുഖ്യമന്ത്രി 24.09.2016 നും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തു നിന്നും പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ സുരക്ഷിതത്വം റെയിൽവേയുടെ പ്രധാന ഉത്തരവാദിത്വമാണ്. തിരുവനന്തപുരം ഡിവിഷനിൽ റെയിൽവേ പാതയ്ക്ക് 1300 കി.മി ദൂരമാണുള്ളത്. പ്രസ്തുത പാതയിൽ 34 ഇടങ്ങളിലായി 5 കി.മി താഴെ വേഗ നിയന്ത്രണം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയുടെ അനാസ്ഥ തിരുത്താൻ വലിയ ബഹുജന പ്രക്ഷോഭം വേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. |
| (സി) | മതിയായ റെയിൽവേ ജീവനക്കാരുടെ അഭാവം യാത്രക്കാരുടെ സുരക്ഷിതത്വത്തിന് ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് അത് പരിഹരിക്കാൻ വേണ്ട നടപടി ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സുരക്ഷാ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ ഏതാണ്ട് 8% ത്തോളമാണ് അത് അനുവദനീയമായ പരിധിക്കുള്ളിലാണ് എന്നാണ് റയിൽവേ അറിയിച്ചിട്ടുള്ളത്. ഇക്കാര്യം ബഹു. കേന്ദ്ര റയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ